# ജി.എൽ.പി.എസ്.മലയിടംതുരുത്ത്

# അടിസ്ഥാന വിവരങ്ങൾ

സ്കൂളിന്റെ പേര് : ജി.എൽ.പി.എസ് മലയിടംതുരുത്ത്

മേൽവിലാസം : മലയിടംതുരുത്ത് പി.ഒ.
എറണാകുളം

ഫോൺ : 0484 2676735
mob : 9946680405

സ്കൂൾ കോഡ് : 25610

റവന്യൂ ജില്ല : എറണാകുളം

വിദ്യാഭ്യാസജില്ല : ആലുവ

ഉപജില്ല : കോലഞ്ചേരി.

ബി ആർ സി : കോലഞ്ചേരി

സി ആർ സി : വിലങ്ങ്

ഗ്രാമപഞ്ചായത്ത് : കിഴക്കമ്പലം

ബ്ലോക്ക് പഞ്ചായത്ത് : വാഴക്കുളം

ജില്ലാ പഞ്ചായത്ത് : എറണാകുളം

നിയമസഭാ മണ്ഡലം :

ലോകസഭാ മണ്ഡലം :

താലൂക്ക് : കുന്നത്തുനാട്

വില്ലേജ് : കിഴക്കമ്പലം

ഇ മെയിൽ വിലാസം : glpsmalayidanthuruth@gmail.com.

# ആമുഖം

സമഗ്ര ഗുണമേന്മ വിദ്യാഭ്യാസത്തിന്റെ ഭാഗമായി പൊതുവിദ്യാലയങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്ന തരത്തിൽ അക്കാദമിക ഇടപെടലുകൾ ആസൂത്രണം ചെയ്ത് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയാണ് ഓരോ വിദ്യാലയങ്ങളും. ഈ അധ്യയന വർഷം കുട്ടികളുടെ സമഗ്ര ഗുണമേന്മ വിദ്യാഭ്യാസത്തിനാണ് മുൻതൂക്കം കൊടുക്കുന്നത്. എല്ലാ പൊതുവിദ്യാലയങ്ങളെയും മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുക എന്ന ലക്ഷ്യം മുൻനിർത്തിക്കൊണ്ടുള്ള ഈ മാസ്റ്റർ പ്ലാൻ ലക്ഷ്യം കൈവരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. അതുവഴി വിദ്യാലയത്തിലെ കുട്ടികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം ലഭിക്കും. പൊതുസമൂഹത്തിന്റെ പിന്തുണകൊണ്ട് വരും വർഷങ്ങളിലും വിദ്യാലയമികവ് തുടർന്ന് കൊണ്ടുപോകാനുള്ള പരിശ്രമത്തിലാണ് വിദ്യാലയം. അതിന് കരുത്ത് പകരുവാൻ ഏറെ സഹായകമായ രീതിയിലാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്. ഇത് അഭിമാനപൂർവ്വം സമർപ്പിക്കട്ടെ.

പി.ടി.എ. പ്രസിഡന്റ്
ഷെഫീൻ ബാബു

ഹെഡ്മിസ്ട്രസ്
ഷീന കുര്യാക്കോസ്

എം.പി.ടി.എ.
വിഭ കൃഷ്ണൻ.

# ചരിത്രം

1956 ൽ ജൂലൈ 15 ന് പാറായിൽ ശ്രീ പൈലി മാത്യുവിന്റെ ഓലമേഞ്ഞ പ്രവർത്തനരഹിതമായിരുന്ന പഴയ ഒരു ചർച്ച് കെട്ടിടത്തിൽ സർക്കാരിൽ നിന്ന് അനുവാദം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ സ്കൂൾ പ്രവർത്തനം ആരംഭിച്ചു. ആദ്യകാലത്ത് പ്രായഭേദമില്ലാതെ 1, 2 ക്ലാസുകളിലേക്കു അധ്യയനം തുടങ്ങി. 1958 ആയപ്പോഴേക്കും അന്നത്തെ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീ. സി. സി. വർഗീസിന്റെ 50 സെന്റ് സ്ഥലത്തു പണിത ഓലകെട്ടിടത്തിലേക്ക് സ്കൂൾ മാറ്റി സ്ഥാപിച്ചു. പിന്നീട് പുതിയ കെട്ടിടം പണിത് സ്കൂൾ പ്രവർത്തിച്ചു പോന്നു. 2012 ൽ ഗവൺമെന്റ് അംഗീകാരത്തോടെ പ്രീ-പ്രൈമറി വിഭാഗം തുടങ്ങി. 2022 ൽ അത്യാധുനിക നിലവാരത്തിൽ സ്കൂൾ കെട്ടിടം പണിത് സ്കൂൾ പ്രവർത്തിച്ചു വരുന്നു. എല്ലാ ക്ലാസുകളിലും പ്രൊജക്ടറും ശിശുസൗഹൃദ ടോയ്‌ലറ്റ് സൗകര്യങ്ങളും ഭക്ഷണശാലയും കുട്ടികൾക്ക് കളിക്കുന്നതിന കിഡ്സ് പാർക്കും ഭൗതിക സാഹചര്യങ്ങളിൽ എടുത്ത് പ ത്ത പ്രത്യേകതയാണ്. പ്രീ പ്രൈമറി മുതൽ 4-ാം ക്ലാസ്സ് വ വിദ്യാഭ്യാസം ലഭ്യമാക്കുന്ന ഗ്രാമീണ വിദ്യാലയം എന്ന പ വലയംതുരുത്തിന്റെ ഹൃദയഭാഗത്ത് സ്ഥിതിചെയ്യുന്ന ഈ ഗവ. എൽ. പി. സ്കൂളിന് അവകാശപ്പെട്ടതായി.

## അക്കാദമികം

| നേട്ടങ്ങൾ | പരിമിതികൾ |
| --- | --- |
| * അക്കാദമിക പ്രവർത്തനങ്ങൾ മികച്ച രീതിയിൽ സംഘടിപ്പിക്കുന്ന മികവുറ്റ അധ്യാപകർ. | • മുഴുവൻ കുട്ടികൾക്കും ഭാഷകളിലും ഗണിതശേഷി എന്നിവ കൈവരിക്കുവാൻ കഴിഞ്ഞിട്ടില്ല. |
| * ഇതര സംസ്ഥാന കുട്ടികൾക്ക് തനതായി റോഷ്നി പ്രോജക്ടും റോഷ്നി ടീച്ചറും. | • ഇതര സംസ്ഥാന കുട്ടികളിൽ എല്ലാവരും മലയാളം പറയുന്നതിനും വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരായിട്ടില്ല. |
| * അത്യാധുനിക രീതിയിൽ നവീകരിച്ച ശിശുസൗഹൃദ കെട്ടിടം. | * മികച്ച ലൈബ്രറി സംവിധാനം ഉണ്ടെങ്കിലും സ്വതന്ത്ര വായനക്ക് ഉള്ള അവസരമില്ല. ലാബ് പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുവാനുണ്ട്. |
| * കമ്പ്യൂട്ടർ പഠന സൗകര്യം, പ്രീപ്രൈമറി മുതൽ കമ്പ്യൂട്ടർ പഠനം. പ്രീപ്രൈമറി മുതൽ 4-ാം ക്ലാസ് വരെ എല്ലാ ക്ലാസിലും പ്രോജക്ടർ. | ഐ.ടി. അധിഷ്ഠിത പഠനം എന്ന നിലയിലേക്ക് ക്ലാസ് റൂം പ്രവർത്തനങ്ങൾ മാറുവാൻ എല്ലാ അധ്യാപകർക്കും കഴിഞ്ഞിട്ടില്ല. കെ ഫോൺ കണക്ഷൻ ലഭിച്ചിട്ടില്ല. |
| * കലാപഠനം, പ്രവൃത്തിപരിചയം, കായിക പഠനം എന്നിവയ്ക്ക് പ്രത്യേക പരിശീലനം. | * മത്സരങ്ങളിൽ കുട്ടികൾക്ക് വേണ്ടത്ര മികവ് പുലർത്താൻ കഴിഞ്ഞിട്ടില്ല. |
| * ദിനാചരണങ്ങൾ മികവുറ്റ രീതിയിൽ നടപ്പാക്കുന്നു. | * കുട്ടികളുടെ പഠന പിന്നാക്കാവസ്ഥ പരിഹരിക്കേണ്ടതുണ്ട്. |
| * അസംബ്ലി ക്വിസ്, മാസക്വിസ്, മെഗാക്വിസ്- | * പൊതുവിജ്ഞാനത്തിൽ കുട്ടികൾ മെച്ചപ്പെടുവാനുണ്ട്. |

| | |
|---|---|
| • "ഗണിത വിജയി" ഗണിത പരിപോഷണ പരിപാടി. അദ്ധ്യയനത്തിൽ ഒരിക്കൽ സ്കൂൾ അദ്ധ്യാപന. | കുട്ടികൾക്ക് ഏറെ താൽപര്യമുള്ള പ്രവർത്തനമാണെങ്കിലും എല്ലാ കുട്ടികൾക്കും ഗണിതത്തിന്റെ എല്ലാ മേഖലകളും കൈവരിക്കുവാൻ കഴിഞ്ഞിട്ടില്ല. |
| • ഇംഗ്ലീഷ് പഠന നൈപുണി ആശയ വിനിമയം ചെയ്യുവാൻ കഴിയുന്ന അധ്യാപകർ. | • കുട്ടികളുടെ ഇംഗ്ലീഷ് ആശയവിനിമയം ചെയ്യുവാനുള്ള കഴിവ് വർദ്ധിപ്പിച്ചുകൊണ്ടിരിക്കുന്നു. |
| • ജൈവ വൈവിധ്യ അന്തരീക്ഷം, പച്ചക്കറിത്തോട്ടം. | ഔഷധത്തോട്ടം, ശലഭോദ്യാനം എന്നിവ നിർമ്മിച്ച് അവ പരിസരപഠനവുമായി ബന്ധിപ്പിക്കുവാൻ കഴിഞ്ഞിട്ടില്ല. |

## ലക്ഷ്യങ്ങൾ

### ഭാഷ

* എല്ലാ കുട്ടികളെയും അക്ഷരശുദ്ധിയോടെ/അക്ഷരപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക.
* ഇതര സംസ്ഥാന കുട്ടികളെ മലയാളം പറയുന്നതിനും എഴുതുന്നതിനും വായിക്കുന്നതിനും പ്രാപ്തരാക്കുക.
* കുട്ടികളിൽ സാഹിത്യാഭിരുചി വളർത്തുക.
* സർഗാത്മക രചനകൾക്കുള്ള അവസരം സൃഷ്ടിക്കുക.
* മികച്ച വായനാശീലം വളർത്തുക.

### ഇംഗ്ലീഷ്

* ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക.
* സ്വതന്ത്ര വായനക്ക് സജ്ജരാക്കുക.
* സ്വതന്ത്ര എഴുത്തിന് സജ്ജരാക്കുക.
* ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി എന്നിവിടങ്ങളിൽ ലഘു ഇംഗ്ലീഷ് പുസ്തകങ്ങൾ സജ്ജീകരിക്കുക.
* ഇംഗ്ലീഷ് അസംബ്ലി
* ഇംഗ്ലീഷ് GK ചോദ്യങ്ങളും ഉത്തരങ്ങളും
* ഇംഗ്ലീഷ് ഉച്ചാരണ കൃത്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ

## ഗണിതം

* അടിസ്ഥാന ഗണിത ശേഷികൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.
* ഓരോ ക്ലാസ്സിലും അവർ നേടേണ്ട ഗണിത ശേഷികൾ നേടിയെന്ന് ഉറപ്പ് വരുത്തുക.
* ഗണിത ചിന്ത, യുക്തിചിന്ത, വിശകലനശേഷി എന്നിവ എല്ലാ കുട്ടികളിലും വളർത്തുക.
* മനക്കണക്കിന് പ്രാധാന്യം നൽകുക.
* സങ്കലന, ഗുണന പട്ടികകൾ കുട്ടികളിൽ ഉറപ്പിക്കുക.
* സംഖ്യാബോധം ഉറപ്പിക്കുക.

## പരിസരപഠനം

* ശാസ്ത്ര പഠനത്തിൽ താത്പര്യം വളർത്തുക.
* ശാസ്ത്രബോധം വളർത്തുക.
* ആധുനിക സൗകര്യങ്ങളോടെ ലാബ് സജ്ജമാക്കുക.
* ആധുനിക ~~ശാസ്ത്രസാഹിത്യ~~ ശാസ്ത്രസാങ്കേതിക വിദ്യ കുട്ടികൾക്ക് പരി പ്പെടുത്തുക.
* ആധുനിക ശാസ്ത്ര ഉപകരണങ്ങൾ കുട്ടികളെ പരിചയപ്പെടുത്ത

## ഐ. സി. ടി.

* വിവരസാങ്കേതിക വിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്ത
* വിവരസാങ്കേതിക വിദ്യയുടെ അനന്തസാധ്യതകൾ പ്രയോജനപ്പെട
* കുട്ടികൾക്ക് സ്വതന്ത്രമായി കമ്പ്യൂട്ടറുകൾ ഉപയോഗിക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുക.

## ആരോഗ്യ കായിക വിദ്യാഭ്യാസം.

- എല്ലാ കുട്ടികൾക്കും കായികാരോഗ്യ ക്ഷമത ഉറപ്പാക്കുക.
- ആരോഗ്യ ശീലങ്ങൾ വളർത്തുക.
- യോഗക്ലാസ്സ്.
- കുട്ടികളുടെ കായിക ക്ഷമത വർദ്ധിപ്പിക്കുന്നതിന് ഇൻഡോർ ഔട്ട്ഡോർ ഗെയിമുകൾ, എയ്റോബിക്സ് ഡാൻസുകൾ.
- ഉയരം, ഭാരം, ബോഡി മാസ് ഇൻഡക്സ് എന്നിവ നില നിർത്തുന്നതിനുള്ള ചെറിയ വ്യായാമങ്ങൾ.
- മാലിന്യ മുക്തമായ ക്യാമ്പസ്, ഹരിത വിദ്യാലയം → അതിനുള്ള പ്രവർത്തനങ്ങൾ.

## കലാ പ്രവൃത്തി പരിചയം.

- നിർമ്മാണാത്മക കഴിവ് എല്ലാകുട്ടികളിലും വർദ്ധിപ്പിക്കുക.
- പാഴ്‌വസ്തുക്കളിൽ നിന്ന് പഠനോപകരണങ്ങളോ പ്രയോജനകരമായ ഉൽപന്നങ്ങളോ ഉണ്ടാക്കാനുള്ള കഴിവ് വികസിപ്പിക്കുക.
- കുട്ടികളുടെ സർഗാത്മക കഴിവുകൾ കണ്ടെത്തുക.
- കലാഭിരുചി വളർത്തുക.
- ആധുനിക ശാസ്ത്രസാങ്കേതിക വിദ്യ കലാപഠനത്തിന് ഉപയോഗിക്കുക.
- 'ഓരോ കുട്ടിയും ഒന്നാമനാണ്" എന്ന ബോധം ജനിപ്പിക്കുന്ന തരത്തിലുള്ള പരിശീലനപരിപാടികൾ ഒരുക്കുക.

റോഷ്നി- ഇതര സംസ്ഥാന കുട്ടികൾക്ക് ഒരു കൈത്താങ്ങ്.

* ഇതര സംസ്ഥാന കുട്ടികളിൽ ഭാഷാപരമായ ഭീതി കുറയ്ക്കുക.
* റോഷ്നി കുട്ടികളെ സ്വതന്ത്രമായി മലയാളം സംസാരിക്കുവാൻ പ്രാപ്തരാക്കുക.
* റോഷ്നി വോളണ്ടിയറിന്റെ സഹായത്തോടെ മലയാളം എഴുതുവാനു വായിക്കുവാനും പ്രാപ്തരാക്കുക.
* ഓരോ ക്ലാസിലെയും പാഠഭാഗങ്ങൾ റോഷ്നി കുട്ടികൾക്ക് തർജ്ജിമ ചെയ്യുന്നതിന് റോഷ്നി വോളണ്ടിയറിന്റെ സഹായം ഉറപ്പ് വരുത്തുക.
* പാഠഭാഗവുമായി ബന്ധിപ്പിച്ചുകൊണ്ട് റോഷ്നി ക്ലാസുകൾക്ക് വേ മൊഡ്യൂൾ തയ്യാറാക്കുക.

മലയാളം - പഠനപിന്നോക്കാവസ്ഥ

* പ്രവർത്തനം - 1 പുസ്തകച്ചങ്ങാതി

മേഖല - വായന

ലക്ഷ്യം : കുട്ടികളിൽ സാഹിത്യാഭിരുചി വളർത്തുന്നതിന്

പ്രവർത്തനങ്ങൾ : ലൈബ്രറി പുസ്തകങ്ങൾ ലൈബ്രറിക്ക് മുന്നിൽ കുട്ടികൾക്ക് പരിചയപ്പെടുന്നതിനായി പ്രദർശിപ്പിക്കുന്നു ലഘുവിവരണവും പ്രദർശിപ്പിക്കുന്നു.

കാലം : ആഴ്ചയിൽ രണ്ട് ദിവസം.

* പ്രവർത്തനം 2. പിറന്നാൾ പുസ്തകം

മേഖല : വായന.

ലക്ഷ്യം : മികച്ച വായനാശീലം വളർത്തുക.

പ്രവർത്തനങ്ങൾ : എല്ലാ ക്ലാസ്സിലും ക്ലാസ്സ് ലൈബ്രറി ലഭ്യമാക്കുന്നു. പിറന്നാൾ പുസ്തകം പരിപാടിയിലൂടെ പുസ്തകങ്ങൾ ശേഖരിക്കുന്നു.

കാലം : ജൂൺ - മാർച്ച്.

* പ്രവർത്തനം 3. അസംബ്ലി വായന.

മേഖല : വായന

ലക്ഷ്യം : അർത്ഥപൂർണമായി വായിക്കുവാൻ കുട്ടികൾക്ക് കഴി യുക.

പ്രവർത്തനങ്ങൾ : അസംബ്ലിയിൽ ഒരു ദിവസം ഒരു കുട്ടിയുടെ വായന

കാലം - ജൂൺ - മാർച്ച്.

✿ പ്രവർത്തനം 4: വായനാകോർണർ

ശേഷി : വായന

ലക്ഷ്യം : വിദ്യ വായനാശീലം വളർത്തുക.

പ്രവർത്തനങ്ങൾ : ഒഴിവുസമയങ്ങളിൽ വായിക്കുവാൻ ഓരോ ക്ലാസ്സുകളിലും പ്രത്യേകം വായനാകോർണർ ഒരുക്കുന്നു.

✿ പ്രവർത്തനം 5 : പതിപ്പ് നിർമ്മാണം.

ശേഷി : ലേഖനം

ലക്ഷ്യം : ആശയങ്ങൾ വിവിധതരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവുകൾ നേടുക.

പ്രവർത്തനങ്ങൾ : ഓരോ മാസത്തിലെ പഠന പ്രവർത്തനങ്ങളിലെ വിദ്യ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് ക്ലാസ്തല കയ്യെഴുത്ത് മാസിക ഒരുക്കൽ.

കാലം : എല്ലാ മാസവും.

✿ പ്രവർത്തനം 6 വായനക്കുറിപ്പുകൾ

ശേഷി : ലേഖനം

ലക്ഷ്യം : എല്ലാ കുട്ടികളേയും അർത്ഥപൂർണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക.

പ്രവർത്തനങ്ങൾ : കുട്ടികൾ വായിച്ച പുസ്തകങ്ങളെക്കുറിച്ചുള്ള വായനക്കുറിപ്പുകൾ തയ്യാറാക്കൽ: വായനാകാർഡ് തയ്യാറാക്കൽ.

കാലം : ജൂൺ - മാർച്ച്

ഇംഗ്ലീഷ്.

* പ്രവർത്തനം : 1 ഇംഗ്ലീഷ് അസംബ്ലി.

ലക്ഷ്യം : ഇംഗ്ലീഷിലൂടെ ആവിഷ്കാരങ്ങൾക്ക് അവസരം നൽകൽ -

പ്രവർത്തനങ്ങൾ : ആഴ്ചയിൽ ഒരു ദിവസം കുട്ടികൾതന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുന്നു.

കാലം : ആഴ്ചയിൽ ഒരു ദിവസം.

* പ്രവർത്തനം 2 : ഡിക്ഷണറി നിർമ്മാണം.

മേഖല : ലേഖനം.

ലക്ഷ്യം : ഇംഗ്ലീഷ് vocabulary വളർത്തുന്നതിന്.

പ്രവർത്തനങ്ങൾ : പാഠഭാഗവുമായി ബന്ധപ്പെട്ട വാക്കുകളുടെ അർത്ഥം അകാരമാലാ ക്രമത്തിൽ എഴുതുന്നു

കാലം - ജൂൺ - ജൂലായ്.

* പ്രവർത്തനം 3 : ഇംഗ്ലീഷ് ഡയറി (3&4 ക്ലാസ്)

മേഖല : ലേഖനം

ലക്ഷ്യം : ഇംഗ്ലീഷ് രചന മെച്ചപ്പെടുത്തുന്നതിന്.

പ്രവർത്തനങ്ങൾ : ഓരോ ദിവസത്തെയും വീട്ടിലെയും സ്കൂളിലെയും അനുഭവങ്ങൾ ഇംഗ്ലീഷിൽ എഴുതുക.

കാലം : ആഴ്ചയിൽ ഒരു ദിവസം.

* പ്രവർത്തനം 4 : ഇംഗ്ലീഷ് ബുള്ളറ്റിൻ (3&4 ക്ലാസ്)

മേഖല : ലേഖനം

ലക്ഷ്യം : ഇംഗ്ലീഷിലൂടെ ആവിഷ്കാരങ്ങൾക്ക് അവസരമൊരുക്കൽ.

പ്രവർത്തനങ്ങൾ ! ഓരോ മാസവും ഏതെങ്കിലും വിഷയങ്ങളെക്കുറിച്ച്
ഇംഗ്ലീഷിൽ പതിപ്പുകൾ ഇറക്കൽ -

ജൂൺ - പരിസ്ഥിതി
ജൂലായ് - ചാന്ദ്രദിനം
ആഗസ്റ്റ് - സ്വാതന്ത്ര്യദിനം
സെപ്തംബർ - ഓണം
ഒക്ടോബർ - ഗാന്ധി
നവംബർ - കേരളം
ഡിസംബർ - ക്രിസ്തുമസ്
ജനുവരി - ന്യൂഇയർ

കാലം - ഓരോമാസവും.

പ്രവർത്തനം 5 Reading card work shop.

ലക്ഷ്യം : മുഴുവൻ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷയിൽ പ്രാവിണ്യം നേ
ക.

പ്രവർത്തനം : കവിതകളെ ഉപയോഗിച്ച് ഇംഗ്ലീഷ് റീഡിംഗ് കാർഡ്
നിർമിക്കൽ. ഭിന്നനിലവാരക്കാരായ കുട്ടികൾക്കായി
വർക്ക്ഷീറ്റുകൾ തയ്യാറാക്കുന്നു.

കാലം : ജൂൺ & ജൂലായ്.

ഗണിതം

* പ്രവർത്തനം 1 ഗണിതലാബ്

ലക്ഷ്യം: അടിസ്ഥാന ഗണിതാശയങ്ങൾ എല്ലാ കുട്ടികൾക്കും ഉറപ്പിക്ക.

പ്രവർത്തനങ്ങൾ:- കുട്ടികൾക്ക് സ്വന്തമായി ഇടപഴകാൻ സഹായകരമായ തരത്തിൽ ഗണിതലാബ് സജ്ജമാക്കൽ.

കാലം : ജൂൺ - മാർച്ച്.

* പ്രവർത്തനം 2. [illegible].

ലക്ഷ്യം : എല്ലാ കുട്ടികളെയും സങ്കലന, വ്യവകലന ക്രിയകൾ ഉറപ്പിക്കുന്നതിന്.

പ്രവർത്തനങ്ങൾ : മിനി പലചരക്ക് കട സജ്ജമാക്കുന്നു. കളിനോട്ട് ഉപയോഗിച്ച് കുട്ടികൾ സാധനങ്ങൾ വാങ്ങുകയും തിരി ബാക്കിതുക വാങ്ങുകയും ക്രിയകൾ നോട്ട് ബുക്കിൽ എഴുതുകയും ചെയ്യുന്നു.

* പ്രവർത്തനം 3 ഗണിതമൂല.

ലക്ഷ്യം : അടിസ്ഥാന ഗണിതാശയങ്ങൾ മുഴുവൻ കുട്ടികളിലും എത്തിക്കുന്നതിന്.

പ്രവർത്തനങ്ങൾ : മുഴുവൻ ക്ലാസ്സിലും ഗണിതമൂലകൾ ക്രമീകരിക്കൽ (മഞ്ചാടി, കളിനോട്ട്, കാർഡുകൾ തുടങ്ങി

* പ്രവർത്തനം 4 ഗണിതമധുരം

ലക്ഷ്യം : പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി പ്രത്യേക പഠന പദ്ധതി ആവിഷ്കരിക്കൽ, ക്യാമ്പുകൾ, ശില്പശാലകൾ.

# പരിസരപഠനം

* പ്രവർത്തനം: 1 പരീക്ഷണക്കിറ്റ്

ലക്ഷ്യം: ശാസ്ത്രപരീക്ഷണ ശേഷികളുടെ വളർച്ചക്കിടയാക്കും വിധം പ്രവർത്തനങ്ങൾ ഒരുക്കുക.

പ്രവർത്തനങ്ങൾ :- മുഴുവൻ കുട്ടികൾക്കും (1-4 ക്ലാസ്) ശാസ്ത്ര പരീക്ഷണങ്ങൾക്ക് ഇണങ്ങുംവിധം ആവശ്യമായ വസ്തുക്കൾ ശേഖരിച്ച് സൂക്ഷിക്കുന്നതിന് പരീക്ഷണക്കിറ്റ് തയ്യാറാക്കു

* പ്രവർത്തനം 2. ലഘുപരീക്ഷണങ്ങൾ

ലക്ഷ്യം :- കുട്ടികളിൽ ശാസ്ത്രാവബോധം ഉണ്ടാക്കൽ.

പ്രവർത്തനങ്ങൾ :- ഓരോ ക്ലാസിന്റേയും നിലവാരമനുസരിച്ച് ഉള്ള ലഘുപരീക്ഷണങ്ങൾ ചെയ്യിപ്പിക്കൽ.

* പ്രവർത്തനം 3. പരീക്ഷണക്കുറിപ്പ് തയ്യാറാക്കൽ.

ലക്ഷ്യം : ശാസ്ത്ര പഠന താൽപര്യം വളർത്തുക, ശാസ്ത്രാ ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കു

പ്രവർത്തനങ്ങൾ :- പരീക്ഷണങ്ങൾ രേഖപ്പെടുത്തുന്നതിന്റെ പ്രാ ന്യം മനസ്സിലാക്കുന്ന തരത്തിൽ പരീക്ഷണ ച് തയ്യാറാക്കൽ.

കാലം : എല്ലാമാസവും.

* പ്രവർത്തനം 4 : സയൻസ് ലാബ് നവീകരിക്കൽ.

ലക്ഷ്യം : ശാസ്ത്രാവബോധം വളർത്തുന്നതിന്.

പ്രവർത്തനങ്ങൾ : ഓരോ ക്ലാസിലെയും കുട്ടികളുടെ നി വാരത്തിനനുസരിച്ച് സയൻസ് ലാബ് സജ്ജീ

* പ്രവർത്തനം 5 അതിഥിയെ അറിയൽ.

ലക്ഷ്യം : ചർച്ചകൾ, സംവാദങ്ങൾ അഭിമുഖങ്ങൾ എന്നിവയിലൂടെ സാമൂഹികമായ അറിവുകൾ നേടുന്നതിന്.

പ്രവർത്തനങ്ങൾ : പ്രാദേശികമായി പ്രമുഖരായ ആളുകളുമായി അഭിമുഖത്തിന് അവസരമൊരുക്കൽ, ചർച്ചകൾ, സംവാദങ്ങൾ ക്ലാസ്സ് തലത്തിൽ സംഘടിപ്പിക്കൽ.

* പ്രവർത്തനം 6. ഫീൽഡ് ട്രിപ്പ്.

ലക്ഷ്യം : സമൂഹത്തിന്റെ മുന്നോട്ട് പോക്കിന് സഹായകമാകുന്ന സാമൂഹ്യ സ്ഥാപനങ്ങളുടെ പ്രാധാന്യം തിരിച്ചറിയുന്നതിന്.

പ്രവർത്തനങ്ങൾ :- പോലീസ് സ്റ്റേഷൻ, പോസ്റ്റോഫീസ്, പഞ്ചായത്ത്, വില്ലേജ്, ആശുപത്രി മുതലായവയിലേക്ക് ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കൽ.

* പ്രവർത്തനം 7. ഔഷധോദ്യാനം.

ലക്ഷ്യം : ചുറ്റുപാടുമുള്ള സസ്യങ്ങളെ പരിചയപ്പെടൽ

പ്രവർത്തനം : ചുറ്റുപാടുമുള്ള ഔഷധസസ്യങ്ങൾ ശേഖരിച്ച് സ്കൂളിൽ കുട്ടികളുടെ നേതൃത്വത്തിൽ നട്ടുവളർത്തൽ. അവയെ സംരക്ഷിക്കൽ.

* പ്രവർത്തനം 8. ഔഷധ സസ്യപ്രദർശനം

ലക്ഷ്യം : ചുറ്റുപാടുമുള്ള സസ്യങ്ങളിൽ ഔഷധ സസ്യങ്ങൾ തിരിച്ചറിയൽ. അവയുടെ ഔഷധഗുണം തിരിച്ചറിയൽ രേഖ ചെയ്യുന്നത്.

# വിവര സാങ്കേതിക വിദ്യ

- പ്രവർത്തനം 1: IT ലാബ് സജ്ജമാക്കൽ.

  ലക്ഷ്യം: എല്ലാ കുട്ടികളെയും കമ്പ്യൂട്ടർ പരിജ്ഞാനം ഉള്ളവരാക്കി സ്വന്തമായി കമ്പ്യൂട്ടർ സ്വതന്ത്രമായി ഉപയോഗിക്കാനുള്ള അവസരം സജ്ജമാക്കൽ.

  പ്രവർത്തനം: IT, ICT പ്രവർത്തന പരിപാടികൾ നടപ്പിലാക്കൽ.

- പ്രവർത്തനം 2. ICT പാഠഭാഗവുമായി ബന്ധിപ്പിക്കൽ.

  ലക്ഷ്യം: വിവരസാങ്കേതിക വിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തൽ.

  പ്രവർത്തനം: പാഠഭാഗവുമായി ബന്ധപ്പെട്ട ICT സാധ്യതകൾ കണ്ടെത്തി പരിചയപ്പെടുത്തൽ [സമഗ്ര പ്രവർത്തനത്തിൽ പങ്കാളികളാക്കൽ]

പ്രവൃത്തി പരിചയം.

പ്രവർത്തനം 1. പ്രവൃത്തി പരിചയ ശില്പശാല.

ലക്ഷ്യം : നിർമ്മാണ കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക.

പ്രവർത്തനം : പ്രവൃത്തി പരിചയ ഇനങ്ങളിൽ കുട്ടികൾക്ക് പരിശീലനം ലഭ്യമാക്കൽ.

പ്രവർത്തനം 2. പേപ്പർ ബാഗ് നിർമ്മാണം.

ലക്ഷ്യം : പ്ലാസ്റ്റിക് രഹിത ക്യാമ്പസിനായി കുട്ടികളെ സജ്ജമാക്

പ്രവർത്തനം : പേപ്പർ ബാഗ് നിർമ്മാണം പരിശീലനം

പ്രവർത്തനം : 3 ഒറിഗാമി.

ലക്ഷ്യം : ഇതര വിഷയവുമായി പ്രവൃത്തി പരിചയത്തെ ബന്ധിപ്പിക്കുക.

പ്രവർത്തനം : ഓരോ ക്ലാസ്സിലെയും പാഠഭാഗവുമായി ബന്ധിപ്പിച്ചുകൊണ്ടുള്ള പാഠഭാഗത്തെ നിർമ്മാണപ്രവർത്തനങ്ങൾക്കാവശ്യമായ പരിശീലനം ലഭ്യമാക്കൽ

കലാ-പ്രവൃത്തി പരിചയം

* പ്രവർത്തനം 1 സർഗവേദി.

ലക്ഷ്യം : കലാഭിരുചി വളർത്തുക, കുട്ടികളുടെ സർഗാത്മക കഴിവു കൾ വികസിപ്പിക്കുക.

പ്രവർത്തനം: ആഴ്ച്ചയിൽ ഒരിക്കൽ എല്ലാ ക്ലാസിലും സർഗവേദി നടത്തു ന്നു.

കാലം : എല്ലാ ആഴ്ച്ചയും.

* പ്രവർത്തനം 2 വിദ്യാരംഗം കലാസാഹിത്യവേദി

ലക്ഷ്യം : കുട്ടികളുടെ സർഗാത്മക കഴിവുകൾ വികസിപ്പിക്കുക.

പ്രവർത്തനം: മാസത്തിലെ അവസാനത്തെ വെള്ളിയാഴ്ച്ച എല്ലാ ക്ലാസി ലെ കുട്ടികളും ചേർന്ന് വിവിധ കലാപരിപാടികൾ നടത്തുന്നു.

* പ്രവർത്തനം : 3 ടാലന്റ് ലാബുകൾ.

ലക്ഷ്യം : ഓരോ കുട്ടിയും ഒന്നാമനാണ് എന്ന ബോധം ഉണ്ടാക്കി വിജ്ഞാനത്തിലൂടെ പരിശീലന പരിപാടികൾ ഒരുക്കുന്നു.

പ്രവർത്തനം: നൃത്തം, ആലാപനം, ചിത്രരചന, ക്രാഫ്റ്റ് വർക്ക് പെയിന്റിംഗ് മേഖലകളിൽ കുട്ടികൾക്ക് പരിശീലനം.

റോഷ്നി.

* പ്രവർത്തനം 1 സ്കൂളിനെ അറിയാം.

ലക്ഷ്യം: ഇതര സംസ്ഥാന കുട്ടികൾക്ക് മലയാളം പറയുന്നതിന് ഉതകുന്നതിന്.

പ്രവർത്തനം: ഇതര സംസ്ഥാന കുട്ടികൾക്ക് മലയാള അക്ഷരങ്ങൾ ഉറപ്പിക്കുന്നതിനും പറയുന്നതിനുമുള്ള പ്രവർത്തനങ്ങൾ → പ്രത്യേക ക്ലാസ്.

* പ്രവർത്തനം 2. എന്റെ പാഠപുസ്തകം.

ലക്ഷ്യം: ഇതര സംസ്ഥാന കുട്ടികളെ അവരുടെ ഭാഷയിൽ നിന്നും മലയാളഭാഷയിലേക്ക് ബന്ധിപ്പിക്കുന്നതിന്.

പ്രവർത്തനം: ഓരോ ക്ലാസ്സിലെയും പാഠഭാഗവുമായി ബന്ധപ്പെട്ട് റോഷ്നി കുട്ടികൾക്ക് അവരുടെ നിലവാരത്തിന് അനുസരിച്ച് പ്രവർത്തനങ്ങൾ സജ്ജമാക്കൽ.

* പ്രവർത്തനം 3 എന്റെ നോട്ട്ബുക്ക്.

ലക്ഷ്യം: മലയാളം ഉറപ്പിക്കുന്നതിന് മുഴുവൻ റോഷ്നി കുട്ടികളെയും സജ്ജമാക്കൽ.

പ്രവർത്തനം: ഒരു തീമുമായി ബന്ധപ്പെടുത്തിക്കൊണ്ട് മലയാള അക്ഷരങ്ങളും വാക്കുകളും കുട്ടികളിൽ ഉറപ്പിക്കുന്നതിലൂടെ പഠനപ്രവർത്തനങ്ങൾ സജ്ജമാക്കൽ.

